**File No.DT/40613/2018-C1**

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 09/07/2019

നമ്പർ:DT/40613/2018-C1

## <u>ചുറ്ററിയിപ്പ്</u>

വിഷയം:-

2019 പരിശീലന വർഷത്തിലെ ഐ .ടി.ഐ പ്രവേശനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പാൾമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

2019 പരിശീലന വർഷത്തിലെ ഐ .ടി.ഐ പ്രവേശനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും കർശന നിർദ്ദേശം നൽകുന്നു.

1. ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നിന്നും അപേക്ഷകരുടെ പട്ടിക 10/07/2019 ന് രാവിലെ 10.00 മണി മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടി പട്ടിക പ്രകാരം അഡ്മിഷന് വേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സംശയ നിവാരണത്തിനായി ജില്ലാ കോർഡിനേറ്റർമാരുമായി ബന്ധപ്പെടേണ്ടതാണ്
2. അപേക്ഷകരുടെ അപേക്ഷാ ഫീസ് സംബന്ധിച്ച് വ്യക്തത ആവശ്യമുള്ളതിനാൽ ചില അപേക്ഷകരുടെ വിവരത്തിൽ **'payment verify'** എന്ന് ചുവന്ന അക്ഷരത്തിൽ മാർക്ക് ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള അപേക്ഷകരെക്കൂടി പരിഗണിച്ചുവേണം പ്രവേശന നടപടികൾ സ്വീകരിക്കുവാൻ. എന്നാൽ ഇപ്രകാരം മാർക്ക് ചെയ്തിട്ടുള്ള ട്രെയിനികൾ അഡ്മിഷൻ നേടുകയാണെങ്കിൽ ടി അപേക്ഷകരുടെ വിവരം പ്രത്യേകം തയ്യാറാക്കി അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച ശേഷം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
3. റാങ്ക് ലിസ്റ്റ്, കൗൺസിലിംഗ് തീയതി എന്നിവ അതാത് സ്ഥാപനങ്ങളുടെ വെബ്സൈററ്, നോട്ടീസ് ബോർഡ് എന്നിവയിൽ പ്രസിദ്ധീകരിക്കേണ്ടതും, പ്രാദേശിക മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്.

4. കൗൺസിലിംഗിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ കൗൺസിലിംഗ് തീയതി, റാങ്ക് എന്നിവ എസ്.എം.എസ് മുഖേനയും അപേക്ഷകരെ അറിയിക്കേണ്ടതാണ്.
5. ഓരോ ഐ ടി ഐ യിലും തയ്യാറാക്കുന്ന കൗൺസിലിങ്ങിനു വേണ്ടിയുള്ള പട്ടികയും തീയതിയും അപ്‌ലോഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ ഐ ടി സെല്ലിൽ നിന്ന് അറിയിക്കുന്നതായിരിക്കും.

ഒപ്പ്

**MADHAVAN P K**

**ADDITIONAL DIRECTOR**

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്:-

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും

പകർപ്പ്:-

ഐ.ടി സെൽ

എൽ....09..07..2019